Released on 05-01-2011

## ഏലം വില കൂടുതൽ ഉയരങ്ങളിലേക്ക് എന്ന് മാർക്കറ്റ് ഇന്റലിജൻസ് സെന്റർ

2010 ഏലം സീസണിന്റെ തുടക്കത്തിൽ തന്നെ ഗോട്ടിമാലയിൽ നിന്നുള്ള ഏലയ്ക്കായുടെ ഇറക്കുമതി സാധ്യത ഇല്ലാത്തതിനാൽ ഏലം വില 1000 രൂപയ്ക്കുമേൽ ലഭിക്കുമെന്ന് 26-07-10-ൽ ഇറക്കിയ പഠന റിപ്പോർട്ടിൽ കേരള കാർഷിക സർവകലാശാലയുടെ കാർഷികസാമ്പത്തിക വിഭാഗത്തിനു കീഴിലുള്ള മാർക്കറ്റ് ഇന്റലിജൻസ് സെന്റർ വ്യക്തമാക്കിയിരുന്നു. ഒക്ടോബർ – നവംബർ മാസങ്ങളിൽ നിലനിന്നിരുന്ന ശക്തമായ ഊഹാപോഹങ്ങൾക്കുശേഷം പ്രസ്തുത പഠനം ശരി വയ്ക്കുന്ന രീതിയിലുള്ള റിപ്പോർട്ടുകളാണ് ഔദ്യോഗികമായും, അനൗദ്യോഗികമായും ഇപ്പോൾ വന്നു കൊണ്ടിരിക്കുന്നത്.

പ്രധാന ഉത്പാദക മേഖലകളിൽ ഉണ്ടായ ശക്തവും, തുടർച്ചയായ മഴയും, കാലാവസ്ഥാ വ്യതിയാനവും, രോഗ-ബാധയുടെ തീവ്രതയും മൂലം ഉതപാദനത്തിൽ വന്ന കുറവ് കണക്കിലെടുത്താൽ 9500 മെട്രിക്ക് ടൺ ഏലയ്ക്കായെ ഈ സീസണിൽ പ്രതീക്ഷിക്കാനാവൂ. സീസൺ പകുതി പിന്നിടുമ്പോൾ ഇതിന്റെ 55 മുതൽ 60 ശതമാനം വരെ വിപണനം നടന്നതായി കണക്കാക്കപെടുന്നു. ലോക കമ്പോളത്തിലും ആഭ്യന്തര വിപണിയിലും വർദ്ധിച്ച ആവശ്യകത നിലവിലുള്ള സാഹചര്യത്തിലും, പരിമിതമായ സ്റ്റോക്കും കണക്കിലെടുകുമ്പോൾ ഏലം വില കൂടുതൽ ഉയരങ്ങളിൽ എത്തുമെന്നാണ് മാർക്കറ്റ് ഇന്റലിജൻസ് സെന്ററിന്റെ നിഗമനം. സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിൽ സമ്മർദ്ദത്തിലകപ്പെട്ട വിപണിയിൽ, ഇപ്പോൾ കർഷകരുടെ ചരക്ക് വിറ്റഴിക്കാനുള്ള സമ്മർദ്ദവുമില്ല എന്നുള്ളതും മറ്റൊരു അനുകൂല ഘടകമാണ്.

ഉത്തരേന്ത്യയിലെ വർദ്ധിച്ച ശൈത്യകാല ഡിമാന്റും, ഹോളി വരെയുള്ള ഉത്സവകാല ആവശ്യകതയും, വിദേശ വിപണിയിൽ നിന്നും കൂടിവരുന്ന അന്വേഷണങ്ങളും ഏലം വിപണിയ്ക്ക് കൂടുതൽ ശക്തി പകരുമെന്ന് കരുതപ്പെടുന്നു. ചെറിയ എലയ്ക്കാക്ക് (Small cardamom) വില വർദ്ധനവ് ഉണ്ടാകുമ്പോൾ ബേക്കറികളും, റസ്റ്റോറന്റുകളും പകരമായി ഉപയോഗിക്കുന്ന വലിയ ഏലത്തിന്റെ (Large cardamom) വിലയും 1000 രൂപയ്ക്ക് മുകളിലാണ് എന്നതും ഏലം കർഷകർക്ക് കൂടുതൽ പ്രതീക്ഷയ്ക്ക് വക നല്കുന്നു.

ഇപ്രകാരമുള്ള സാഹചര്യത്തിൽ തരംതിരിക്കാത്ത ഏലായ്ക്കായുടെ (Bulk) വില കിലോഗ്രാമിന് അടുത്ത മൂന്ന് മാസത്തേക്ക് 1500 മുതൽ 1700 രൂപ വരെ എന്ന തലത്തിൽ എത്തുവാനുള്ള സാധ്യതയുണ്ടെന്ന് മാർക്കറ്റ് ഇന്റലിജൻസ് സെന്റർ വിലയിരുത്തുന്നു. തരം തിരിച്ച മികച്ചയിനം (AGEB) ഏലായ്ക്കായുടെ വില ജനുവരിയിൽ കിലോഗ്രാമിന് 1500–1700 വരെയും, ഫെബ്രുവരിയിൽ 1600–1800 വരെയും മാർച്ചിൽ 1800–2000 വരെയും എത്തുമെന്നാണ് സെന്ററിന്റെ നിഗമനം.

ഏലം കർഷകർ വില്പനയിൽ വേണ്ട ക്രമീകരണം നടത്തി വിപണിയിലുള്ള അനുകൂല സാഹചര്യം പ്രയോജനപെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.




**വില പ്രവചനങ്ങളും, വിപണിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക്:**

**amickau@gmail.com, 8129628797**